ദീപിക
DEEPIKA, THE FIRST MALAYALAM DAILY ESTABLISHED 1887



അമൃത സ്കൂൾ ഓഫ് ബിസിനസ് സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ നിന്ന്.

## വിജ്ഞാന കൈമാറ്റം

# ഡോ. എൻജിപി ഇൻസ്റ്റിറ്റ്യൂട്ടുമായി കൈകോർത്ത് അമൃത വിശ്വവിദ്യാപീഠം

**കൊച്ചി:** വിദ്യാർഥികൾക്കിടയിൽ വിജ്ഞാന കൈമാറ്റം പ്രോത്സാഹിപ്പിക്കാൻ അമൃത സ്കൂൾ ഓഫ് ബിസിനസും ഡോ. എൻജിപി ഇൻസ്റ്റിറ്റ്യൂട്ടും ധാരണയിൽ. ഹെൽത്ത് സയൻസ് കാമ്പസിൽ നടന്ന മാനേജ്മെന്റ് വിദ്യാഭ്യാസ ശില്പശാലയിലാണ് അമൃത സ്കൂൾ ഓഫ് ബിസിനസും ഡോ. എൻജിപി ഇൻസ്റ്റിറ്റ്യൂട്ടും ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ഇരു സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശില്പശാല മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദ പുരി ഉദ്ഘാടനം ചെയ്തു.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി(കുസാറ്റ്)യിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ അസി. പ്രഫസർ ഡോ. മനു മെൽവിൻ ജോയ്, നെസ്റ്റ് ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് വൈസ് പ്രസിഡന്റും എച്ച്ആർ തലവനുമായ ദിലീപ് ചോയ്യപ്പള്ളി, വൈലോഗ്സ് പ്രൈവറ്റ് ലിമിറ്റഡ് സഹസ്ഥാപകനും സിഇഒയുമായ വിവേക് സുരേഷ് എന്നിവരുൾപ്പെടെ വ്യവസായ, അക്കാദമിക് രംഗങ്ങളിൽ നിന്നുള്ള വിദഗ്ധർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. അമൃത സ്കൂൾ ഓഫ് ബിസിനസ് ഫാക്കൽറ്റി അംഗങ്ങളായ ഡോ. രാജീവ് പ്രസാദ്, ഡോ. റെജികുമാർ ജി എന്നിവർ ശില്പശാലയുടെ ഭാഗമായി സംഘടിപ്പിച്ച ചർച്ചകൾക്ക് നേതൃത്വം നൽകി.

ശില്പശാലയുടെ ഭാഗമായി വിദ്യാർഥികളുടെ കലാപരിപാടികളും അരങ്ങേറി.